പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 391 | 09.02. 2016 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

ചോദ്യം | ഉത്തരം

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 30.06.2011-ലെകണക്ക് പ്രകാരം കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്ര; | (എ) 1202.59 കോടി രൂപ |
| (ബി) 31.12.2015-ലെ കണക്ക പ്രകാരം കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്ര ശതമാനം വർദ്ധിച്ചുവെന്നും ആയത് എത്ര കോടി രൂപയാണെന്നും വ്യക്തമാക്കുമോ; | (ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ത്രൈമാസ കണക്കുകളായാണ് തയ്യാറാക്കുന്നത് 31.12.2015 ലെ കുടിശ്ശിക കണക്ക് ക്രോഡീകരിച്ചുകൊണ്ടിരിക്കുകയാണ്. 30.09.2015 ലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തുക ആകെ 1964.12 കോടി രൂപയാണ്. |
| (സി) നിലവിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റി എത്രകോടി രൂപയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ട്; | (സി) 30.09.2015 ലെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ ത്രൈമാസ കണക്കുപ്രകാരം വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക 919.94 കോടി രൂപയാണ്. |
| (ഡി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര/സംസ്ഥാന/ അർദ്ധ സർക്കാർ/പൊതുമേഖല/ ബോർഡുകൾ/ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക നിലവിൽ | (ഡി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ 30.09.2015 ലെ ത്രൈമാസ കണക്കുപ്രകാരമുള്ള വിശദ വിവരം താഴെക്കൊടുത്തിരിക്കുന്നു. |

| | |
|---|---|
| എത്രകോടി രൂപ വീതമെന്ന് വ്യക്തമാക്കുമോ | <table><tr><td></td><td>തുക (കോടിയിൽ)</td></tr><tr><td>കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ</td><td>0.28</td></tr><tr><td>സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ</td><td>120.86</td></tr><tr><td>സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ</td><td>1108.86</td></tr><tr><td>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ</td><td>48.36</td></tr><tr><td>സ്വകാര്യ സ്ഥാപനങ്ങൾ</td><td>664.69</td></tr></table> |
| (ഇ) നിലവിൽ ഇത്തരത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ കേന്ദ്ര സർക്കാർ-സ്ഥാപനം/സംസ്ഥാന സർക്കാർസ്ഥാപനം/ അർദ്ധ സർക്കാർസ്ഥാപനം /പൊതുമേഖലാസ്ഥാപനം/ സ്വകാര്യ മേഖലാസ്ഥാപനം/ ബോർഡ് എന്നിവ ഏതൊക്കെ യാണെന്നും എത്ര കോടി രൂപയുടെ കുടിശ്ശികയാണ് പ്രസ്തുത സ്ഥാപനങ്ങൾ ഓരോന്നും അടയ്ക്കുവാനു ള്ളതെന്നും വ്യക്തമാക്കുമോ; | (ഇ) 30.09.2015 ലെ കണക്ക പ്രകാരം ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളും കണക്കുകളും താഴെ കാണിച്ചിരിക്കുന്നു<table><tr><td></td><td>തുക (കോടിയിൽ)</td></tr><tr><td>കേന്ദ്ര സർക്കാർ സ്ഥാപനം പോസ്റ്റൽ ഡിപ്പാർട്ട്മെന്റ്</td><td>0.1695</td></tr><tr><td>സംസ്ഥാന സർക്കാർ സ്ഥാപനം കൃഷി വകുപ്പ്</td><td>48.59</td></tr><tr><td>പൊതുമേഖലാ സ്ഥാപനം (സംസ്ഥാനം) കേരള വാട്ടർ അതോറിറ്റി</td><td>919.93</td></tr><tr><td>റ്റി.സി.സി.എൽ</td><td>105.88</td></tr><tr><td>സ്വകാര്യ മേഖല സ്ഥാപനം ബിനാനി സിങ്ക്</td><td>50.50</td></tr></table> |

| | |
|---|---|
| (എഫ്) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സർക്കാരോ, റഗുലേറ്ററി കമ്മീഷനോ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഒഴിവാക്കൽ, പലിശ ഇളവ് നല്കൽ എന്നിവ നല്കിയതിലൂടെ വൈദ്യുതി ബോർഡിന് ലഭിക്കാതെ പോയ തുക എത്ര; വിശദാംശം വ്യക്തമാക്കുമോ? | (എഫ്) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 341.91186 ലക്ഷം രൂപ പലിശയിനത്തിൽ ഇളവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ